# പ.പുലിക്കോട്ടിൽ ഒന്നാമൻ തിരുമേനിയുടെ ഓർമ്മയും വൈദികപരിശീലനത്തിന്റെ ഭാവിയും

ഫാ.ഡോ.ബിജേഷ് ഫിലിപ്പ്

മലങ്കര സഭയ്ക്ക് ഇരുപതു നൂറ്റാണ്ടുകളുടെ ചരിത്രം പറയുവാനുണ്ടെങ്കിലും കൃത്യവും പരിമിതവുമായ അർത്ഥത്തിൽ ദൈവ ശാസ്ത്ര പ്രസിദ്ധീകരണങ്ങളുടെ ചരിത്രം ഒരു നൂറ്റാണ്ടിന്റേതേ കാണുകയുള്ളൂ. എന്നാൽ ഇരുപതാം നൂറ്റാണ്ടിനു മുമ്പുതന്നെ ഓർത്തഡോക്സ് ആദ്ധ്യാത്മിക ദർശനത്തിന്റെ ജീവിക്കുന്ന സാക്ഷ്യങ്ങളുണ്ടായിരുന്നു എന്നത് ആ കുറവ് പരിഹരിക്കുന്നതാണ്. അങ്ങനെയുള്ള ശോഭയാർന്ന സാക്ഷികളിൽ ഒരുപ്രാധാനിയായിരുന്ന സഭാജ്യോതിസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ജീവിതം തുറന്നുവായിക്കുന്നത് സഭയോടുള്ള പ്രതിബദ്ധതയിൽ നമ്മെ കർമ്മോൽസുകരും നിർമ്മലീകരിക്കപ്പെട്ടവരും ആക്കും. മലങ്കരയിലെ വൈദിക പരിശീലനത്തിന്റെ ഈ നവയുഗ ശില്പിയെ സംബന്ധിച്ച അനുഭവങ്ങളുടെ ഓർമ്മക്കുറിപ്പുകൾ പരിശോധിക്കുവാൻ ചരമദ്വശതാബ്ദി ആഘോഷവേളയിൽ ലഭ്യമാകുന്ന അവസരം വൈദിക പരിശീലനത്തെ സംബന്ധിച്ച ഒരു വിചിന്തനത്തിന് ഉപയോഗിക്കുന്നത് ഉചിതമായിരിക്കും.

രണ്ടുനൂറ്റാണ്ടു മുമ്പ് മലങ്കരസഭയെ ശ്രുശ്രൂഷിച്ച് ശക്തീകരിച്ച വിശുദ്ധനായ ജ്ഞാനിയും സന്യാസിയായ കർമ്മധീരനും ആയിരുന്നല്ലോ പ.പുലിക്കോട്ടിൽ ഒന്നാമൻ. പ്രഭാഷണം, പരിഭാഷ, പ്രാർത്ഥനാജീവിതം, ദേവാലയരൂപീകരണം എന്നിവ കൊണ്ടെല്ലാം സഭയെ ശക്തീകരിച്ച ഈ പിതാവിന്റെ ഏറ്റവും വലിയ സംഭാവന സഭയുടെ വൈദിക പരിശീലനത്തിന് ഒരു സെമിനാരി സ്ഥാപിച്ച് ഒരു നവീന വ്യവസ്ഥാപിത പദ്ധതിക്ക് പ്രാരംഭം കുറിക്കുവാൻ അത്യദ്ധ്വാനം ചെയ്തു എന്നതാണല്ലോ.

1815 ൽ കോട്ടയത്ത് സെമിനാരിആരംഭിക്കുന്നതിനുമുമ്പ് മലങ്കരസഭയുടെ വിവിധ ഭാഗങ്ങളിൽ ജ്ഞാനത്തിലും വിശുദ്ധിയിലും ശ്രേഷ്ഠരായ വൈദികരെ കേന്ദ്രീകരിച്ചുള്ള മല്പാൻ പാഠശാലകളിലായിരുന്നല്ലോ വൈദികപരിശീലനം നടന്നിരുന്നത്. പോർച്ചുഗീസ് മിഷനറിമാരുടെ നേതൃത്വത്തിൽ കേരളത്തിൽ ആരംഭിച്ച ചില സെമിനാരികളിൽ ലാറ്റിൻ പാരമ്പര്യത്തിൽ പാശ്ചാത്യ ദൈവശാസ്ത്ര പരിശീലനം ആരംഭിച്ചപ്പോഴും ഗുരുകുല സമ്പ്രദായത്തിലൂടെ ശ്രേഷ്ഠരായ മല്പാന്മാർ മലങ്കരസഭയുടെ പുരാതനപൈതൃകവും പാരമ്പര്യവും നഷ്ടപ്പെടുത്താതെ വൈദികപരിശീലനം തുടർന്നു കൊണ്ടുപോയി കോട്ടയത്ത് സെമിനാരി ആരംഭിച്ചുകഴിഞ്ഞും ഗുരുകുല മാതൃകയിലുള്ള ചുരുക്കം ചില മല്പാൻ പാഠശാലകൾ തുടർന്നു കൊണ്ടിരുന്നു.

കണ്ടനാടു പടിയോലയിൽ നിന്നും മറ്റും അറിയുന്നത് 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തന്നെ വൈദിക പരിശീലനം കാര്യക്ഷമയാക്കുവാൻ പഠിത്ത വീടുകളുണ്ടാകണമെന്ന് മലങ്കര സഭ സ്വപ്നം കണ്ടു എന്നതാണ്. ആ സ്വപ്നം ഏറ്റുവാങ്ങി പുലിക്കോട്ടിൽ ഇട്ടൂപ്പ് റമ്പാൻ (സഭാജ്യോതിസ്സ്മാർദിവന്നാസ്യോസ്) തുനിഞ്ഞിറങ്ങിയപ്പോൾ തിരുവിതാംകൂർ രാജഭരണത്തിൽ നിന്നും മിഷനറിമാരിൽ നിന്നുമെല്ലാം വേണ്ട സഹായസഹകരണങ്ങൾ ലഭിച്ച് കോട്ടയത്ത് സെമിനാരിക്ക് അടിസ്ഥാനമിടുവാൻ കഴിഞ്ഞു. മലങ്കരയിലെ മിക്ക പള്ളികളും ഈ മഹത്തായ ദൗത്യത്തിൽ യഥാവിധം സഹകരിച്ചു. ഒരു നല്ല സ്വപ്നമുണ്ടെങ്കിൽ അതിന്റെ സാക്ഷാത്കാരത്തിന് ദൈവവും മനുഷ്യരും പ്രകൃതിയുമെല്ലാം സഹായിക്കുന്നു എന്നു പറയപ്പെടുന്നത് സത്യമെന്ന് തെളിയിക്കുന്നതാണ് പുലിക്കോട്ടിൽ ഇട്ടൂപ്പറമ്പാച്ചന്റെ ഈ സെമിനാരിസ്ഥാപന ഉദ്യമം. അനേക പതിറ്റാണ്ടുകൾ ഒരു മല്പാനായിരുന്ന പുലിക്കോട്ടിൽ റമ്പാച്ചൻ, മല്പാൻ പാഠശാലകളുടെ പരിമിതികൾ ശരിക്കും മനസ്സിലാക്കി വൈദിക പരിശീലനം കേന്ദ്രീകരിച്ച് കാര്യക്ഷമമാക്കുവാൻ തീവ്രമായി ആഗ്രഹിക്കുകയും

സർവ്വാത്മനാ ശ്രമിക്കുകയും ചെയ്തതുകൊണ്ടാണ് ഈ പുരാതന സഭയ്ക്ക് അഭിമാനകരമായ ഈ ആദ്യപൊതുസ്ഥാപനം കോട്ടയത്ത് രൂപപ്പെട്ടത്. ഈ പഠിത്ത വീട്ടിലെ പ്രധാന അദ്ധ്യാപകനായി തന്റെ വാർദ്ധക്യത്തിലും ശോഭിക്കുവാൻ ഈ പരിശുദ്ധപിതാവിന് കഴിഞ്ഞു എന്നത് നന്ദിയോടെ ഓർക്കാം.

മലങ്കര സുറിയാനിസഭയുടെ വിശ്വാസാചാരങ്ങളോടും ആരാധനാനുഷ്ഠാനങ്ങളോടും തികഞ്ഞ വിശ്വസ്തത പുലർത്തികൊണ്ടുള്ള ഒരു വൈദിക പരിശീലന പദ്ധതിക്കാണ് ഈ പിതാവ് സെമിനാരിയിൽ രൂപം കൊടുത്തത്. കടന്നു കയറി കീഴ്പ്പെടുത്തുവാൻ ശ്രമിച്ച വിദേശസഭകളോടു അടരാടി തളരുവാൻ തുടങ്ങിയ മലങ്കര സഭയ്ക്ക് പുത്തനുണർവേകുന്നതായി ഈ സംരംഭം. ഇംഗ്ലീഷ് ഭാഷയും വേദ വ്യാഖ്യാനങ്ങളും അഭ്യസിപ്പിക്കുവാൻ ഇംഗ്ലീഷ് മിഷണറി റവ.തോമസ് നോർട്ടനെ സെമിനാരിയിൽ അദ്ദേഹം നിയമിച്ചു. എന്നാൽ ഈ ഇംഗ്ലീഷ് മിഷനറിയെ സകുടുംബം സെമിനാരിയിൽ താമസിപ്പിക്കുവാൻ കേണൽ മൺറോ നിർദ്ദേശിച്ചിട്ടുപോലും ഈ പിതാവ് സമ്മതിച്ചില്ല എന്നത് മലങ്കരസഭയുടെ സ്വത്വബോധത്തിലൂന്നി വിശ്വസ്തത കാട്ടിയതിന്റെ തെളിവായിട്ടുവേണം മനസ്സിലാക്കുവാൻ. സെമിനാരി സ്ഥാപിക്കുവാനും പരിരക്ഷിക്കുവാനും വേണ്ടസഹായങ്ങൾ ഇംഗ്ലീഷ് മിഷണറിമാരിൽ നിന്നും സ്വീകരിച്ചെങ്കിലും സഭയുടെ വിശ്വാസത്തെയോ ആചാരാനുഷ്ഠാനങ്ങളെയോ തുച്ഛീകരിക്കാനോ വിമർശിച്ച് ഭേദപ്പെടുത്താനോ അദ്ദേഹം അനുവദിച്ചിരുന്നില്ല എന്നുവേണം മനസ്സിലാക്കുവാൻ.

പോർച്ചുഗീസുകാരുടെ വരവോടെ റോമൻ കത്തോലിക്കരോടു സ്വന്തം വ്യക്തിത്വം അറിയിക്കുവാൻ മലങ്കരസഭ നിർബന്ധിതമായപ്പോൾ ഉപയോഗിക്കപ്പെട്ട ശക്തമായ പദദ്വയമാണല്ലോ മർത്തോമ്മായുടെ മാർഗ്ഗം എന്നത്. തങ്ങൾക്ക് ക്രിസ്തുവിന്റെ സുവിശേഷം പകർന്നുതന്ന മർത്തോമാശ്ലീഹായോടുള്ള ആഴമായ ആദരവും തദ്ദേശീയമായ തങ്ങളുടെ ക്രൈസ്തവജീവിത രീതിയോടുള്ള വിശ്വസ്തതയും പ്രകടമാക്കുന്ന സഭയുടെ സംപുഷ്ടമായ ഒരു ചുരുക്കപ്പേരാണിത്. സഭയുടെ ഈ സ്വത്വബോധം കൂനൻ കുരിശു സത്യത്തിലൂടെയും ആർത്താറ്റുപടിയോലയിലൂടെയും കണ്ടനാടുപടിയോലയിലൂടെയും കോട്ടയത്തെ സെമിനാരിയുടെ സ്ഥാപനത്തിലൂടെയും പ്രാരംഭപ്രവർത്തനങ്ങളിലൂടെയും കാതോലിക്കേറ്റു സ്ഥാപനത്തിലൂടെയുമെല്ലാം ഉജ്ജ്വലമായി പ്രകാശിപ്പിക്കപ്പെട്ടു.

വേദപുസ്തകവും പ്രാർത്ഥനകളും ഒക്കെ സുറിയാനിയിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുവാൻ പുലിക്കോട്ടിൽ തിരുമേനി നടത്തിയ പരിശ്രമങ്ങൾ ഈ സത്വബോധത്തിലൂന്നിയ തദ്ദേശീകരണ താല്പര്യത്തിന്റെ പ്രകാശനമായിട്ടുവേണം മനസ്സിലാക്കുവാൻ. കായംകുളം ഫീലിപ്പോസ് റമ്പാനും ചരിത്രപുരുഷനും കൂടി തയ്യാറാക്കി ഡോ.ക്ലോഡിയസ് ബുക്കാനൻ 1811 ൽ അച്ചടിച്ച് വിതരണം ചെയ്ത സുവിശേഷ പുസ്തകം മലയാളത്തിൽ ആദ്യം പ്രസിദ്ധീകൃതമായ ബൈബിൾ വിവർത്തനം ആണല്ലോ. വേദപഠനവും ധ്യാനവും അതുപോലെ ആരാധനയും പ്രാർത്ഥനയുമൊക്കെ സ്വന്തം ഭാഷകളിൽ മനസ്സിലാക്കിചെയ്യാൻ അവസരമുണ്ടാകണമെന്നാഗ്രഹിച്ചുപ്രവർത്തിച്ച ഈ പ. പിതാവിന്റെ ഉൾക്കാഴ്ച ഉൾക്കൊണ്ട് പ്രാർത്ഥനകളും ആരാധനാക്രമങ്ങളും ഇംഗ്ലീഷിലേക്കും വിവിധ ഭാരതീയ ഭാഷകളിലേക്കും പരിഭാഷപ്പെടുത്തുകയും പുതുതായി രൂപപ്പെടുത്തുകയും ഉപയോഗിക്കുകയും ചെയ്യുവാൻ വ്രതശുദ്ധിയോടെ പ്രവർത്തിക്കുന്നവർ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു.

കണ്ടനാടു പടിയോലയിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ രണ്ടാമതൊരു സെമിനാരി കൂടി പുലിക്കോട്ടിൽ തിരുമേനി സ്വപ്നം കണ്ടിരുന്നെങ്കിലും തന്റെ ഉത്തമസ്നേഹിതനും പ്രഗൽഭനായ മല്പാനുമായിരുന്ന കായംകുളം ഫീലിപ്പോസ് റമ്പാന്റെ മരണവും മറ്റും കൊണ്ട് അത് ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ പഴയസെമിനാരി സ്ഥാപിച്ച് 180 വർഷമായപ്പോൾ വടക്കേന്ത്യയിൽ നാഗപ്പൂരിനടുത്ത് മലങ്കരസഭയ്ക്ക് ഒരു പുതിയ സെമിനാരി

ഉണ്ടായതിൽ സന്തോഷിച്ച പിതാക്കന്മാരിൽ മുന്നിലായിരിക്കും പുലിക്കോട്ടിൽ തിരുമേനി. അരനൂറ്റാണ്ടോളം വടക്കേന്ത്യയിലെ സഭയുടെ പ്രവർത്തനത്തിന് ജീവിതം അർപ്പിച്ച അഭിവന്ദ്യ സ്തോഫോനോസ് മാർതേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ ഉൽസാഹത്താൽ ആരംഭിച്ച ഈ പുതിയ സെമിനാരി രണ്ടുപതിറ്റാണ്ടുകൾ പൂർത്തീകരിച്ചത് പഴയ സെമിനാരി രണ്ടു നൂറ്റാണ്ടുകൾ പൂർത്തീകരിച്ച് ആഘോഷം നടത്തുമ്പോഴായിരുന്നു.

രണ്ടുനൂറ്റാണ്ടുകൾ കൊണ്ട് കോട്ടയത്തെ ഓർത്തഡോക്സ് സെമിനാരി സഭയുടെ നേതൃത്വ പരിശീലനത്തിനും അദ്ധ്യാത്മിക വിദ്യാവ്യാപനത്തിനും നൽകിയിട്ടുള്ള അതുല്യമായ സംഭവനകളോർക്കുമ്പോൾ ആധുനിക കാലത്ത് മലങ്കരസഭയെ സ്വാധീനിച്ച് രൂപപ്പെടുത്തിയ ഏറ്റവും പ്രധാനസ്ഥാപനം ഇതുതന്നെയാണെന്ന് വ്യക്തമാണ്. ഇപ്പോൾ നമ്മുടെ രണ്ടുസെമിനാരികളും ബന്ധപ്പെട്ടിരിക്കുന്ന സെറാമ്പൂർ കോളജിന്റെ സെനറ്റിന്റെ BD യുടെ പാഠ്യ പദ്ധതിയിലെ പേപ്പറുകളുടെ എണ്ണം, തീസീസും ഫീൽഡുവർക്കും കൂടാതെ നാല്പത്തിയെട്ടായി വർദ്ധിച്ചിരിക്കുന്നതുകൊണ്ട് വൈദികപരിശീലനത്തിൽ ഓർത്തഡോക്സ് വിശ്വാസ പാരമ്പര്യത്തിനു മങ്ങലേൽക്കുന്നു എന്നത് ഒരു അപ്രിയസത്യമാണ്. ഇപ്പോഴത്തെ രീതിയിൽ ഓർത്തഡോക്സിക്ക് ഊന്നൽ നൽകുന്ന GST പേപ്പറുകൾ പാർശ്വവൽക്കരിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നു. സാമൂഹ്യനീതി ഉന്നംവച്ചുള്ള BD പേപ്പറുകളുടെ ബാഹുല്യം മൂലം ഓർത്തഡോക്സ് സെമിനാരികളിലെ ദൈവശാസ്ത്ര പരിശീലനത്തിന്റെ ബാലൻസ് തെറ്റുന്നതായി അനുഭവപ്പെടുന്നു. ഈ പശ്ചാത്തലത്തിൽ ആദിമ ക്രിസ്തീയ വിശ്വാസപാരമ്പര്യം, വിശദമായ ആരാധനാ പഠനം, പൗരസ്ത്യ ആദ്ധ്യാത്മികത, എക്യൂമിനിസം, സാമൂഹ്യനീതി തുടങ്ങിയ വിഷയങ്ങളെല്ലാം സമഗ്രമായി ഉൾക്കൊള്ളുന്നതും പേപ്പറുകളുടെ അനാവശ്യമായ ബാഹുല്യം ഇല്ലാത്തതുമായ ഒരു സമഗ്ര പാഠ്യപദ്ധതിയാണ് ഓർത്തഡോക്സ് വൈദിക പരിശീലനത്തിൽ അഭികാമ്യമായിട്ടുള്ളത്.

ഓർത്തഡോക്സ് ഊന്നൽ മുറുകെ പിടിച്ച് ഉന്നതനിലവാരത്തിലുള്ള ഒരു സമഗ്രപാഠ്യപദ്ധതിനടപ്പിലാക്കുന്ന ഒരു ഓർത്തഡോക്സ് യൂണിവേഴ്സിറ്റിയെ ക്കുറിച്ച് സ്വപ്നം കാണാനെങ്കിലും വൈദിക പരിശീലനത്തിന്റെ നവയുഗ ശില്പിയായ പുലിക്കോട്ടിൽ ജോസഫ് മാർദിവന്നാസ്യോസ് ഒന്നാമന്റെ ചരമ ദ്വിശദാബ്ദി ആഘോഷം സഭയ്ക്കു പ്രചോദനമേകട്ടെ എന്നു പ്രത്യാശിക്കുന്നു. മല്പാൻ പാഠശാലകളിൽ നിന്നും സെമിനാരി തലത്തിലേക്ക് വൈദിക പരിശീലനത്തെ കൈപിടിച്ചുയർത്തുവാൻ രണ്ടുനൂറ്റാണ്ടുകൾക്കു മുമ്പ് ഈ പിതാവ് ശ്രമിച്ചപ്പോൾ ഉണ്ടായതുപോലെ എതിർപ്പുകളും ആശങ്കകളും ഒക്കെ ഇന്ന് അങ്ങനെയൊരു സ്വപ്നസാക്ഷാത്ക്കാരത്തിനായി ശ്രമിക്കുമ്പോഴും ഉണ്ടാകുമെന്നത് സ്വാഭാവികമാണ്. അതു നേരിടുവാനുള്ള നിശ്ചയദാർഢ്യവും ആത്മധൈര്യവും ഐക്യവും ഒക്കെ ഉണ്ടാകുവാൻ പ. പുലിക്കോട്ടിൽ തിരുമേനിയുടെ ഓർമ്മയും മദ്ധ്യസ്ഥതയും സഹായമാകട്ടെ.